## മാറാട് കൂട്ടക്കൊലയ്ക്ക് ഇരയായവരുടെ ആശ്രിതർക്ക് തൊഴിൽ നൽകുന്നതിനുള്ള നടപടി

63 [64] ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാറാട് കൂട്ടക്കൊലയിൽ കൊല്ലപ്പെട്ടവരുടെ ആശ്രിതർക്ക് തൊഴിൽ നൽകാമെന്ന വാഗ്ദാനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) നിലവിലുള്ള സർവ്വീസ് നിയമന ചട്ടങ്ങളനുസരിച്ച് ഇപ്രകാരം ജോലി നൽകാൻ കഴിയുമോ;

(ഡി) 2002-ലെ മാറാട് കലാപത്തിൽ കൊല്ലപ്പെട്ടവരുടെ ആശ്രിതർക്ക് തൊഴിൽ നൽകുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇവരെ മാറ്റിനിർത്താനുള്ള കാരണം വ്യക്തമാക്കാമോ?

### ഉത്തരം

(എ, ബി & സി) മാറാട് കലാപത്തെ തുടർന്ന് ഉണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 2003 ഒക്ടോബർ 4, 5 തീയതികളിൽ ചേർന്ന യോഗത്തിലുണ്ടായ ധാരണ അംഗീകരിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച 8-10-2003-ലെ ജി. ഒ. (എംഎസ്.) 210/2003/ആഭ്യന്തരം നമ്പർ ഉത്തരവിൽ മറ്റ് ആശ്വാസ നടപടികൾക്കൊപ്പം കലാപത്തിൽ കൊല്ലപ്പെട്ടവരുടെ ആശ്രിതരിൽ ഒരാൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ തൊഴിൽ നൽകുന്നതാണെന്ന് വ്യക്തമാക്കിയിരുന്നു. അതിൻപ്രകാരം തൊഴിൽ ആനുകൂല്യത്തിനായി ജില്ലാ കളക്ടറുടെ ശുപാർശയോടുകൂടി ബന്ധപ്പെട്ട ആശ്രിതർ സമർപ്പിച്ച അപേക്ഷകൾ സർക്കാർ പരിശോധിച്ചുവരികയാണ്.

(ഡി & ഇ) മുകളിൽ സൂചിപ്പിച്ചിട്ടുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2003-ലെ മാറാട് കലാപത്തിൽ കൊല്ലപ്പെട്ടവരുടെ ആശ്രിതർക്ക് തൊഴിൽ നൽകുന്ന കാര്യമാണ് സർക്കാർ ഇപ്പോൾ പരിശോധിച്ചുവരുന്നത്.

## മാറാട് കലാപത്തിൽപ്പെട്ടവരുടെ പുനരധിവാസം

64 [65] ശ്രീ. ബിനോയ് വിശ്വം:
,, പി. നാരായണൻ:
,, എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാറാട് കലാപത്തിൽ എത്രപേർ മരിച്ചു; എന്തെല്ലാം നാശനഷ്ടങ്ങൾ ഉണ്ടായി;



LIBRARY ARCHIVES Kerala Legislative Assembly

(ബി) മാറാട് പുനരധിവാസത്തിനായി സർക്കാർ സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) മരണമടഞ്ഞവരുടെ കുടുംബങ്ങൾക്കും നാശനഷ്ടങ്ങൾ സംഭവിച്ചവർക്കും എത്തിച്ചുകൊടുത്ത സഹായങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഗവൺമെന്റ് നൽകിയ സഹായങ്ങൾ തിരിച്ചേൽപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഇ) മതമൈത്രിയും സഹായവും നിലനിറുത്തുന്നതിന് ഇപ്പോൾ അവിടെ എന്തെല്ലാം നടപടികൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2003-ലെ മാറാട് സംഭവത്തിൽ ഒമ്പതുപേർ മരിച്ചു. വീട്ട് ഉപകരണങ്ങളും, വസ്ത്രങ്ങളും കളവ് പോയതിലും, വീടും വീട്ടുപകരണങ്ങളും കേടു വരുത്തിയതിലും ആകെ 65,87,560 (അറുപത്തിയഞ്ചുലക്ഷത്തി എൺപത്തിയേഴായിരത്തി അഞ്ഞൂറ്റിയറുപത്) രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

(ബി & സി) കൊല്ലപ്പെട്ട ഒമ്പതുപേരുടെ ആശ്രിതർക്ക് 10 ലക്ഷം (പത്ത് ലക്ഷം) രൂപാ വീതം നഷ്ടപരിഹാരം നൽകി. അക്രമത്തിൽ ഗുരുതരമായി പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന 8 പേർക്ക് 5 ലക്ഷം രൂപാ വീതവും, പരിക്കേറ്റ മറ്റ് 9 പേർക്ക് 3 ലക്ഷം രൂപാ വീതവും നഷ്ടപരിഹാരം നൽകി. സൗജന്യ റേഷൻ, ചികിത്സാ സൗകര്യം എന്നിവ നൽകി. വീട്, തൊഴിലുപകരണങ്ങൾ എന്നിവ നഷ്ടപ്പെട്ടവർക്ക് നാശനഷ്ടം തിട്ടപ്പെടുത്തി ഫിഷറീസ് വകുപ്പ് മുഖേന 1,51,96,500 (ഒരു കോടി അമ്പത്തിയൊന്നുലക്ഷത്തി തൊണ്ണൂറ്റിയാറായിരത്തി അഞ്ഞൂറ്) രൂപയുടെ ധനസഹായം അനുവദിച്ചിട്ടുണ്ട്. മാറാട് പോലീസ് സ്റ്റേഷൻ സ്ഥാപിച്ചു. മാറാട് പുനരധിവാസ പ്രവർത്തനങ്ങളും പൂർത്തിയായിട്ടുണ്ട്.

(ഡി) ഉണ്ട്. തിരിച്ചേൽപ്പിച്ച സമയത്തെ സർക്കാർ പ്രവർത്തനങ്ങളിൽ തൃപ്തി വരാത്തതുകൊണ്ടാണ് അങ്ങനെ സംഭവിച്ചതെന്നാണ് വിവരം. പക്ഷേ ഒക്ടോബർ 12 മുതൽ നൽകിയ എല്ലാ സർക്കാർ സഹായവും അരയസമാജത്തിലെ അംഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) മതമൈത്രിയും സൗഹൃദവും നിലനിറുത്തുന്നതിനായി ജില്ലാഭരണ കൂടത്തിന്റെ നേതൃത്വത്തിൽ വിവിധ മതസംഘടനകളും സാമൂഹ്യപ്രവർത്തകരും സ്ഥലത്ത് ക്യാമ്പ് ചെയ്ത് മാറാട് നിവാസികൾക്ക് വേണ്ട നിർദ്ദേശവും സഹായവും നൽകുകയുണ്ടായി. വർഗ്ഗീയ സംഘർഷം ഇല്ലാതാക്കുന്നതിനായി പോലീസ് പട്രോളിംഗ് ശക്തമാക്കുകയും ആയുധങ്ങൾ കടത്തുന്നതു തടയാൻ ചെക്കുപോസ്റ്റുകൾ സ്ഥാപിച്ച് വാഹന പരിശോധനകൾ കർശനമാക്കുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ ഗാന്ധിസ്മാരക നിധിയുടെ പ്രവർത്തകർ രണ്ടു മാസത്തോളം മാറാട് താമസിച്ച് സമാധാന പ്രവർത്തനങ്ങൾ നടത്തി. ഇതിനിയും തുടരാൻ ആലോചനയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly